Government with certain definite conventions. Promotions were given by strict seniority and efficiency. The services were contented. Every Travancorean took pride in serving the mother country. Sir, I remember years ago when strictures were passed by High Court Judges against a Session Judge, suspension was immediately effected. When such a person had to be re-entertained. I know with what feeling such a course was effected and the public criticism Government had to face. Now what do you find in the Judiciary. A person who begins service as a Munsiff is sent out to the executive line after some time with a permanent lien in the department. Then after a period, he is again put into the Judiciary on a higher pay. Then he is taken back to the General branch. A person who was permanently drafted in the Judiciary, now comes to the general branch as head of a department, within a space of ten or twelve years. He occupies this position on account of this interchange from department to department. Such short circuit or short cut system of promotions were not prevalent in Travancore some years ago. It was a well-recognised policy of the Travancore Government not to allow interchange of departments in those times unless under exceptional circumstances. The conditions are entirely different now. Exception has become the rule. There is discontent in service. This reflects on the administration and as well as on the effficiency of the general service. I will bring out just another aspect of the matter. Take the Civil List of twenty years ago and analyse the nature of the appointments and promotions from the years 1080 to 1100. See how they compare with that obtaining from 1100 to 1120. Promotions have gone to the juniors in service in greater proportion in the later period than in the former. There will be an ocean of difference, you will look at it. Sir, I seriously ask is it in the good interests of the country and the service? Certainly not. Therefore my submission is that inefficiency that exists now, is due to the administration itself. They must bear the responsibility for it. It is not due to the principle of communal representation.

On behalf of the people and for the sake of good Government and also for the sake of peace and contentment in this country, I submit that this house will adopt and the Government will be pleased to accept the resolution brought forward by Mr. Sankaranarayanan Tampi, namely that all initial representation in service be based in proportion to population of communities. This may not be the ideal state of affairs, but such a principle if adopted by Government would conduce to different communities living in perfect concord and harmony.

The Chair has invited from us certain practical and definite suggestions for the future working of the public services. My suggestion is that all appointments in the intermediate division be thrown open for recruitment on the basis of population without any reservation at all. That division being a technical service, to meet any of the objections that may be raised I suggest that that division may be thrown open for technically qualified people. There is no need to conduct any test in the ordinary manner. Mr. Mahomed suggested that principle could not be worked smoothly in the case of Mahomedans. But statistics supplied by the Public Service Commissioner reveal a different story altogether.

LIBRARY ARCHIVES Kerala Legislative Assembly

In respect of appointments to the higher grade, it should be filled on the basis of merit and by promotions only. There may even be efficiency bar. Promotions to the higher grade should be according to efficiency. At the same time, no initial appointment should be made directly to the higher grade unless under very exceptional circumstances. Persons who are competent, not only to the satisfaction of the administration but to the public at large too; it is only such men that should be recruited to special posts. From 1116 onwards, a different principle was attempted to be followed in the matter of recruitment by the Public Service Commissioner. Let that chapter be closed for the time and we shall begin anew.

Let the proportion be fixed according to the population basis. Government have accepted the principle. This House also accepted it. There was a specific question from the Chair whether minimum qualification will be sufficient. As was suggested by the Madras Non-Brahmin movement, I do say that minimum qualification is sufficient for initial recruitment. In the existing circumstances, that is the only solution. There it was said that minimum qualification will be sufficient for initial recruitment. I reiterate it here.

Having done with the proportion of the recruitment problem, I have only to address myself to the question of the authority that has to be entrusted with this work. I am taking into consideration all circumstances.

Before dealing with that point, I think it is my duty to congratulate the Public Service Commissioner for the efficiency and integrity with which he has done his duty. The country has to thank him for what he has done according to the rules. The effect has to be judged in accordance with the rules. I think this House had a right to expect the official benches to give us the view as to how the system had worked. Unfortunately the official benches did not give us their experience. They ought to have told the House how the system has worked and the difficulties they experienced. But they have chosen to keep silent. I am not entitled to go further than that.

As for the authority to select, with a certain amount of diffidence I am constrained to suggest that a man who does not belong to any of the communities in Travancore should still be the Public Service Commissioner. With that definition I will stop at present. I do not want to go further than that. The Public Service Commissioner must be one who does not belong to any one of the communities in Travancore.

MR. A. K. BHASKAR: Is it the idea of the honourable member that a foreigner should be imported for that purpose?

MR. P. S. NATARAJA PILLAI: I have defined. The honourable member may take it in any light he likes.

On behalf of the party to which I belong I can assure the House that we have no faith in the Advisory or Staff Selection Board. We would prefer the thing to be administered by an individual, because individual discretion will be better than collective wisdom in the matter of selection. Think the case of an examination paper being

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

given to a committee. If the boy passes, then his fate must be wonderful. So also in the matter of selection, individual discretion is better. On behalf of my party I say that it must be entrusted to the Public Service Commissioner who does not belong to any of the communities in Travancore. With these words I commend the proposition of my friend Mr. Sankaranarayanan Tampi.

MR. T. T. KESAVAN SASTRI (*Nominated*) : പബ്ളിക്ക് സർവീസ് കമ്മീഷണർ ഈ സഭയുടെ പര്യാലോചനയ്ക്ക് അവതരിപ്പിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ സ്വീകാര്യമാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. പരിചയംകൊണ്ടും ഡിപ്പാർട്ടുമെൻറിന്റെ കഴിഞ്ഞ നടപടികൾ കൊണ്ടും വേണ്ട പരിജ്ഞാനം സമ്പാദിച്ചിട്ടുള്ളതുകൊണ്ടാണ് ഇങ്ങനെ ഈ നിർദ്ദേശം കൊണ്ടുവരുവാൻ കമ്മീഷണർ സന്നദ്ധനായിട്ടുള്ളത്. അതിലെ അഭിപ്രായങ്ങൾ പബ്ളിക്ക് സർവീസ് മുഖേന നടന്നിട്ടുള്ള നിയമനരീതികളുടെ ഏകദേശരൂപം തന്നെയാണ്. വളരെക്കാലം പൊതുജനങ്ങളുടെയിടയിൽ ഉണ്ടായിരുന്ന അഭിപ്രായഭിന്നതകൾക്ക് ഡിപ്പാർട്ടുമെൻറ് ഒരു പരിഹാരമായിത്തീർന്നിരിക്കയാണ്. ഗവണ്മെൻറ് വളരെ ശ്രദ്ധയോടുകൂടിയാണ് പബ്ളിക്ക് സർവീസ് ഡിപ്പാർട്ടുമെൻറും സഹായകമായി ഒരു അഡ്വൈസറിബോഡും രൂപീകരിച്ചത്. സർവീസ് കമ്മീഷണർ ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ രീതി നോക്കിയാൽ സമുദായപ്രാതിനിധ്യവ്യവസ്ഥകൾ മനസ്സിലാക്കിത്തന്നെ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നു കാണാൻ സാധിക്കും. പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവർ അഭിലഷിക്കുന്ന പ്രാതിനിധ്യം തീരെ കാട്ടിയിട്ടില്ല. ഇതു സർവീസ് കമ്മീഷണരുടെ സൂക്ഷ്മക്കുറവുകൊണ്ടു സംഭവിച്ചിട്ടുള്ളതാണെന്നു പറയുന്നില്ല. ഏതു ശതമാനം നിയമനങ്ങൾക്കു ചോലും പിന്നോക്കസമുദായത്തിൽ അഭ്യർത്ഥയുള്ള ആളുകൾ ഇല്ലെന്നുള്ളതു പരമാർത്ഥമാണ്. എന്നാൽ ഒരു കാര്യം പബ്ളിക്ക് സർവീസ് കമ്മീഷണരുടെയും ഗവണ്മെൻറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു ഉദ്യോഗവിഷയത്തിൽ യാതൊരുവിധത്തിലും പിൻതുണയും പ്രാതിനിധ്യവും ഇല്ലാത്ത സാധുക്കളായ പിന്നോക്കസമുദായക്കാർക്ക് സഭയും അനുവദിച്ചിട്ടുള്ള സൗജന്യവ്യവസ്ഥ തുടർന്നു കൊണ്ടുപോകണമെന്നാണ്. ഇൻറർമീഡിയറ്റ് ഡിവിഷനിലും പിന്നോക്കസമുദായങ്ങൾക്ക് വേണ്ട സൗജന്യവ്യവസ്ഥകൾ ഉണ്ടായിരിക്കണം പബ്ളിക്ക് സർവീസ് കമ്മിഷണരുദ്യോഗം തുടർന്നുകൊണ്ടുപോകണമോ, അതോ സ്റ്റാഫ് സിലക്ഷൻ ബോഡുമൂലം ഭരണം കൊണ്ടുപോകണമോ എന്നുള്ള പ്രധാന പ്രശ്നം സഭയുടെ മുമ്പിൽ വന്നിരിക്കുന്നു. കുറേനാളത്തേയ്ക്കെങ്കിലും കമ്മിഷണർ ഉദ്യോഗം അത്യാവശ്യമാണ്. ഒരു ന്യായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥനായ കമ്മിഷണർ അതായത് ഇന്നത്തെ കമ്മിഷണരെപ്പോലെയുള്ള ഒരു സമദർശി ആ സ്ഥാനം അലങ്കരിക്കണം. പ്രത്യേകതയും പ്രത്യേക താല്പര്യവും ഉള്ള ആളായിരിക്കരുത്. മാത്രവുമല്ല, ഈ വകുപ്പ് എപ്പോഴും ഗവണ്മെൻറിന്റെ ഡയറക്ററ് കൺട്രോളിൽ ഇരിക്കയും വേണം. ഇന്നത്തെ കമ്മിഷണർ മി. യൂം അദ്ദേഹത്തിന്റെ സെക്രട്ടറി മി. സി. ഒ. ദാമോദരനും ന്യായാനുസരണം ഡിപ്പാർട്ടുമെൻറിന്റെ ഭരണം നിർവഹിച്ചിട്ടുണ്ടെന്നു പറയാനും, അവരെ എത്രകണ്ടു് അനുമോദിച്ചാലും മതിയാകയില്ലെന്നു പറയാനും, ഞാൻ തയാറാണ്. സർവീസ് കമ്മിഷണർ ഉദ്യോഗവും, അഡ്വൈസറിബോഡും തുടരണം. ഉദ്യോഗവിഷയത്തിൽ വളരെ ക്ലേശങ്ങളും അനുഭവിച്ചുകൊണ്ടിരുന്ന എല്ലാ സമുദായങ്ങൾക്കും പബ്ളിക്ക് സർവീസ് ഡിപ്പാർട്ടുമെൻറ് സ്ഥാപനത്തോടുകൂടി ഉണ്ടായിട്ടുള്ള പുരോഗതി ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കാതിരിക്കുന്നില്ല. ആയതുകൊണ്ടു് പബ്ളിക്ക് സർവീസ് കമ്മിഷണരുദ്യോഗവും തുടർന്നുകൊണ്ടുപോകണമെന്നു്, പ്രത്യേകം അഭിപ്രായപ്പെട്ടുകൊണ്ടു് വിരമിക്കുന്നു.

MR. E. K. MADHAVAN : സർ, തിരുവിതാംകൂർ രാഷ്ട്രീയ നഭോമണ്ഡലത്തിൽ പലപ്പോഴും കൊടുങ്കാറ്റുകൾക്കും പേമാരികൾക്കും കാരണമാക്കിത്തീർത്തിട്ടുള്ള ഒരു സംഗതി വർഗ്ഗീയപ്രശ്നമാണു്. മിക്കവാറും വലിയ രാഷ്ട്രീയ പ്രക്ഷോഭണങ്ങളെല്ലാം ഏതാനും ചില ഉദ്യോഗ അപ്പക്കഷണങ്ങൾക്കും വലിച്ചെറിഞ്ഞുകൊടുത്താൽ പ്രശാന്തമായിത്തീരുന്നതായിട്ടാണു കാണുന്നതു്. ഇങ്ങനെയിരിക്കെ ദേശീയവാദം എത്രതന്നെ കൊണ്ടുവന്നാലും നമുക്കു വലിയ പ്രയോജനമൊന്നും കിട്ടുന്നതിനു് യാതൊരു മാർഗ്ഗവുമില്ല. അതുകൊണ്ടു് സമുദായവാദംതന്നെ മുൻപോട്ടു കൊണ്ടുവരാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടമാണിതു്. വർഗ്ഗീയമായി ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം കൊടുക്കണമെന്നുള്ള പ്രമേയം സ്റ്റേറ്റുകോൺഗ്രസ് പാർട്ടിയിലെ ഒരംഗമായ മി ശങ്കരനാരായണൻതമ്പി കൊണ്ടുവന്നിരുന്നതിനോടു യോജിക്കുന്നതിനു് എനിക്കു് അതിയായ താൽപര്യം ഉണ്ടു്. ഇക്കാര്യത്തിൽ ഇവിടെ മി. കെ. ആർ. നാരായണൻ ഉന്നയിച്ച മിക്ക ന്യായങ്ങളോടും യോജിക്കാൻ എനിക്കു് അഗ്രഹമുണ്ടെങ്കിലും അസമതാസമുദായങ്ങൾക്കു് ഇനിയും പ്രാതിനിധ്യം കിട്ടണമെങ്കിൽ, മദ്രാസിൽ ജസ്റ്റീസ് പാർട്ടി ചെയ്തതുപോലെ പബ്ളിക്ക് സർവീസിൽ അമിതമായ പ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള സമുദായങ്ങൾക്കു ഉദ്യോഗങ്ങൾ കൊടുക്കുന്നതു് നിറുത്തിവച്ചു കുറേക്കാലം മറ്റു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. K. Madhavan]

സമുദായക്കാർക്ക് മാത്രമേ ഉദ്യോഗം കൊടുക്കുകയുള്ളു എന്നുള്ള ഏർപ്പാട് നിലവിൽ വരുത്തിയാൽമാത്രമേ പ്രാതിനിധ്യമില്ലാത്ത സമുദായക്കാർക്ക് രക്ഷകിട്ടുകയുള്ളു എന്നാണ് എനിക്ക് പറയുവാനുള്ളത്. എന്നാൽ ഇന്നത്തെ ഈ സമ്പ്രദായം നിലവിലിരിക്കുന്നടത്തോളം കാലം ഒരു പബ്ലിക്ക് സർവീസ് കമ്മീഷണർ അത്യാവശ്യമാണ്. ആ പബ്ലിക്ക് സർവീസ് കമ്മിഷണർ തീർച്ചയായും ഇന്നാട്ടുകാരനായിരിക്കാൻ പാടില്ല. നാട്ടുകാരനെ നിയമിക്കുന്നപക്ഷം അദ്ദേഹം പല പ്രലോഭനങ്ങൾക്കു വഴിപ്പെടേണ്ടിവരും. അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കും ബന്ധുക്കൾക്കും പലതരത്തിലുള്ള സഹായങ്ങൾ ചെയ്യേണ്ടതായി വരുമെന്നുള്ളതു നമ്മുടെ തിരുവിതാംകൂറിന്റെ പൂർവചരിത്രം നമ്മെ കാർമ്മപ്പെടുത്തുന്നു.

MR. CHAZHIKATTU JOSEPH : പുറത്തുനിന്നും വരുന്നവർക്കും ഇപ്പോഴുള്ള ബന്ധുക്കളും സ്നേഹിതന്മാരും കാണുകയില്ലയോ?

MR. E. K. MADHAVAN: ഇൻഡ്യയുടെ പുറത്തുനിന്നും വന്നാൽ അങ്ങിനെയുള്ളവർക്കു സ്നേഹിതന്മാരും പിറവും ഉണ്ടാകുവാൻ കുറെ കാലതാമസം നേരിടും. കുറെക്കാലം കഴിഞ്ഞു സ്നേഹിതന്മാരും ബന്ധുക്കളും ഉണ്ടായി എന്നുവരാം. അതുകൊണ്ട് വളരെക്കാലം അവരെയും വച്ചുകൊണ്ടിരിക്കുന്നതു നല്ലതല്ല. ഒരു കൊല്ലത്തിൽ കൂടുതൽ ഒരാളെ പബ്ലിക് സർവീസ് കമ്മീഷണർ ഉദ്യോഗത്തിൽ വച്ചിരിക്കാൻ പാടില്ല. ഇവിടെ ഒരു പബ്ലിക്ക് സർവീസ് അഡൈ്വസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എല്ലാ അഡൈ്വസറി കമ്മറ്റികളെയുംപോലെ തന്നെ ഇവിടെയും അവർ എന്തെങ്കിലും നിർദ്ദേശിച്ചിട്ടു പോകും. ഡിപ്പാർട്ടുമെന്റുമേധാവികൾ അവശ്യമുള്ളതു ചെയ്യും. കഴിയുന്നതും സമുദായപ്രാതിനിധ്യം അനുസരിച്ച് ഉദ്യോഗങ്ങൾ കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കാര്യക്ഷമതയെപ്പറ്റി ഇവിടെ പലരും പ്രസ്താവിച്ചു. അതു ശരിയായ തത്വമാണെന്നു എനിക്കു തോന്നുന്നില്ല. അതു ഒരു കുതകുവാദമാണ്. എന്റെ മാന്യസ്നേഹിതൻ മി. കുട്ടിമാളു മാധവൻ പ്രസ്താവിച്ചതുപോലെ, ഒരു ഈഴവന്റെ കാര്യക്ഷമത മിക്കവാറും ഈഴവഉദ്യോഗസ്ഥനും നായരുടെ കാര്യക്ഷമത നായരുദ്യോഗസ്ഥനുമേ കണ്ടുപിടിക്കുവാൻ പതിവുള്ളു. ഒരു ജാതിയിലുള്ള വകുപ്പിയ ഉദ്യോഗസ്ഥൻ ആ ജാതിയിലുള്ളവർക്കു കൂടുതൽ ഉദ്യോഗങ്ങൾ നൽകുമെന്നു ദിവാൻജി അവർകൾതന്നെ ഇന്നലെ ഇവിടെ പ്രസ്താവിക്കയുണ്ടായി. ഈ മാതിരി വിഷമങ്ങൾ കാര്യക്ഷമ

LIBRARY ARCHIVES Kerala Legislative Assembly

താവാദം കൊണ്ടു വന്നാൽ ഉണ്ടാകുന്നതാണ്. എന്റെ സ്നേഹിതൻ മി. ചാഴിക്കാട്ടു ജോസഫ് ഇന്നലെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി പ ഠലക്ഷം വരുന്ന അല്പേഹത്തിന്റെ സമുദായത്തിൽനിന്നും ഡിപ്പാർട്ടുമെൻറുമേലദ്ധ്യക്ഷന്മാർ ഒന്നുതന്നെ ഇല്ലെന്നു, എന്നാൽ കലർപ്പില്ലാത്തതും, അവാന്തരവിഭാഗങ്ങളില്ലാത്തതുമായ പത്തുലക്ഷത്തിൽപരം അംഗങ്ങളുള്ള എന്റെ സമുദായത്തിൽനിന്നും ഈ പണ്ടാരവക സെറ്റിൽ ഒരൊറ്റ ഒരാൾപോലും ഇല്ലെന്നുള്ളതു് ഒരു പരമാർത്ഥമാത്രമാണു്. കായ്ക്ഷമതാവാദത്തെ സമുദായവാദത്തിന്റെ പിന്നിൽ നിറുത്തി എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ വീതിച്ചു കൊടുക്കുകയും, നവ്വത്തിയുള്ള പക്ഷം അമിതപ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള സമുദായക്കാർക്കു ഉദ്യോഗങ്ങൾ കൊടുക്കുന്ന ഏർപ്പാടു് കുറേക്കാലത്തേയ്ക്കു് നിറുത്തിവയ്ക്കുകയും ചെയ്തു് ഞങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. R. SULAIMAN SAIT: (*Commerce and Industry-North*) Sir, I entirely agree with the views expressed by my honourable friends who are in favour of retaining the Public Service Commission. In my opinion, Sir, in the interests of the Muslims and other backward communities, the continuance of the Public Service Commission is highly necessary because we feel that it is through that institution that we can get our legitimate share in the services of the State.

With regard to the recruitment in the Intermediate Division of the Services, my opinion is that if there is going to be any change in the present system, I would suggest that these selections should be made not on the 40 per cent basis which is now in force, but on the population basis.

I am also in favour of the abolition of the existing Public Service Advisory Board and would suggest in its place the formation of a staff selection board, which exists in Cochin and Mysore, for the purpose of reasonable distribution of Government jobs to the members of the various communities. Sir, it is a well-known fact, that there are in Travancore, as elsewhere, certain communities which are unfortunately considered backward in the matter of education for obvious reasons. It is therefore highly necessary that there should be some sort of safe-guard as far as those communities are concerned. Otherwise, I am afraid they will not be getting their legitimate share in the services of the Government. I know, Sir, as a matter of fact, that our worthy Dewan has been very considerate and sympathetic towards the legimate aspirations of the backward communities. We also very much appreciate his remarks which he made yesterday while opening the debate on this subject saying that it is the decided policy of the

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. R. Sulaiman Sait]

Government to encourage the backward communities, so far as the appointments are concerned, I am sure, and I have no doubt to say, that it is entirely due to the policy which he has been adopting in such matters from time to time that we see today in Travancore real peace, amity and harmonious relation between all the communities which unfortunately do not exist in British India and, I may even say, in some of the Indian States. That is only a general policy of the Government. But so far as the interests of the communities which are backward are concerned, we want a sort of permanent agency through which our claims and representations may be put forward and recognised. For that purpose, and in the matter of appointments, I think that agency is the Public Service Commission, and I would strongly recommend to Government that they should retain the Public Service Commissioner in the interests of the backward communities of the State.

Before I conclude, Sir, I would like to say a few words on what one of my honourable friends, Mr. Udayabhanu has indulged in. He has brought in British Indian politics into his discussion which has no bearing absolutely on the Travancore politics. He said so many things which he ought not to have said. So far as Travancore is concerned, I can tell him that here the Muslims and other backward communities are very happy under the most benevolent rule of His Gracious Highness the Maharaja and we are sure our interests are safe in the hands of His Gracious Highness.

MR. K. A. MATHEW: Sir, he never said that the Muslims are unhappy.

MR. A. R. SULAIMAN SAIT: I do not yield, Sir. With these few words, I resume my seat.

MR. V. K. VELAPPAN NAIR: (*Vaikom* cum *Kottayam*) സർ, പബ്ലിക്ക സർവീസ് കമ്മീഷണരുടെ നാലുകാല്പത്തെ റിപ്പോർട്ടിനെ പരാമർശിച്ച് ചിലതു പറയേണ്ടതു് ആവശ്യമാണെന്ന് എനിക്കു ഈ സഭാ മുമ്പാകെ നടന്ന ഒട്ടധികം അഭിപ്രായഗതികളെ ശ്രദ്ധിച്ചു കൊണ്ടിരുന്നതിൽനിന്നും തോന്നുവാൻ ഇടയായി. നാലുകാല്പത്തെ ഭരണം, ഉദ്യോഗനിയമനങ്ങൾ. ഇവ സമുദായങ്ങൾ തമ്മിൽ ഏകോപിച്ചു ചെയ്തിട്ടുള്ള തീരുമാനത്തെ അംഗീകരിച്ചു നടത്തിയിട്ടുള്ളതായിട്ടാണു റിപ്പോർട്ട് വ്യക്തമാക്കുന്നതു്. അതിൽ പട്ടികയായി ചേർത്തിരിക്കുന്ന നിയമനവിവരം വായിച്ചു നോക്കിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്കു് ഉപരിപ്പെട്ട് ന്യായമായ സമുദായപ്രാതിനിധ്യം നിയമനങ്ങളിൽ വേണ്ടിടത്തോളം പാലിച്ചിട്ടുണ്ടെന്നു കാണുന്നതു ചാരിതാർത്ഥ്യജനകമാണ്. സമുദായപ്രാതിനിധ്യവാദം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു അതിനെപ്പറ്റി ഇനി വാദിക്കേണ്ട ആവശ്യമില്ല. വിവിധസമുദായങ്ങളുടെ ഏകോപിച്ചുള്ള അഭിപ്രായഗതിയെ ആദരിച്ച് ഉദ്യോഗനിയമനം സംബന്ധിച്ച് ചില

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥകൾ ചെയ്യുകയും അതു നടപ്പിൽ വരുത്തുകയും ചെയ്തിരിക്കുന്നിടത്തോളം കാലം ജനസംഖ്യാനുപാതികമായി ഉദ്യോഗവിതരണം അംഗീകരിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനു പക്ഷാന്തരമില്ല. ഈ നിലയിൽ വിവിധസമുദായങ്ങളിലെ ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി ഉദ്യോഗവിതരണം നടത്തണമെന്നുള്ള മി. ശങ്കരനാരായണൻ തമ്പിയുടെ പ്രമേയത്തിലെ തത്വത്തെ അംഗീകരിക്കുന്നതിൽ യാതൊരു ദുഷ്യവും കാണുന്നില്ല. എന്നിരുന്നാലും നിലവിലിരിക്കുന്ന വ്യവസ്ഥ കായ്മാനി വിവിധതാല്പര്യങ്ങളെപ്പറ്റിയും നല്ലതിന്മണ്ണം ചർച്ച ചെയ്തിരിക്കുന്നിടത്തോളം കാലം ഇനിയും അതിലൊരു ഭേദഗതി ചെയ്യുന്ന കായ്യം ഒരു പുനരാലോചനയ്ക്കുശേഷം വേണ്ടതാണെന്നു മാത്രമാണ് ഈ സഭാമുമ്പാകെ എനിക്കു പറയുവാനുള്ളത്. ഒരു വ്യവസ്ഥയുണ്ടാക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭണത്തിന്റെ ഫലം ന്യായമായിരിക്കട്ടെ, അന്യായമായിരിക്കട്ടെ, അംഗീകരിക്കപ്പെട്ടതിന്റെ പ്രതിഫലമായി കൂടുതൽ പ്രാതിനിധ്യമുണ്ടായിരുന്ന സമുദായങ്ങളുടെ താൽപ്പര്യത്തിനു ഹാനികരമായി പ്രവർത്തിച്ചു എന്നുള്ളതുംകൂടി പരിഗണിച്ചാണ് ഇന്നത്തെ വ്യവസ്ഥ നടപ്പിൽ വരുത്തിയതെന്നു റിപ്പോർട്ടിന്റെ ചില ഭാഗങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. മി. പി. എസ്. മുഹമ്മദ് ഇവിടെ പ്രസ്താവിച്ചതിൽനിന്നും അടുത്തകാലത്ത വ്യവസ്ഥയിൽ ൪/൫ ഉദ്യോഗങ്ങൾ ഉണ്ടായിരുന്ന നായർ സമുദായത്തിനു ൩/൫ ആക്കി ഭേദഗതി ചെയ്യുന്നതിനു ഗവർമ്മേണ്ടിനു ഉപപ്പെട്ട സബ്കമ്മിറ്റിയോഗം തീരുമാനിച്ചു എന്നുള്ളതു നിലവിലിരിക്കുന്ന വ്യവസ്ഥയുടെ ഒരു പ്രത്യേകതയാണ്. ഈ നിലയിൽ ഇപ്പോൾ നിലവിലിരിക്കുന്ന വ്യവസ്ഥ സമുദായപ്രാതിനിധ്യതത്വം അംഗീകരിച്ചിട്ടുണ്ടെന്നു തന്നെ അനുമാനിക്കാം. എന്നാൽ അതോടുകൂടി കായ്മക്ഷമതയുടെ കായ്യം പാടെ വിസ്മരിക്കരുതെന്നും പറയേണ്ടിയിരിക്കുന്നു. കായ്മക്ഷമതയെപ്പറ്റി അൽപമെങ്കിലും സംസാരിച്ചുപോയാൽ മുഖപ്പുകണ്ട കാളയെപ്പോലെ പരിഭ്രമിക്കുന്ന ചിലരുടെ ശക്തിയായ ചോദ്യശരങ്ങൾക്കു അയാൾ വിധേയനാകേണ്ടിവരുമെന്നു എനിക്കറിയാം. എന്നിരുന്നാലും നിശ്ചയമായും സർക്കാർ സർവീസിൽ കായ്മക്ഷമതയുടെ ലോപം വരുത്തുന്നതായ യാതൊരു നയവും സ്വീകരിക്കാൻ പാടില്ലാത്തതാണ് എന്നു എനിക്ക് അഭിപ്രായമുണ്ട്.

MR. CHAZHIKATTU JOSEPH : കായ്മക്ഷമത എല്ലാ സമുദായത്തിലുള്ളവർക്കുമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VELAPPAN NAIR : എല്ലാ സമുദായങ്ങളിലും കായ്ക്ഷമത ഇല്ലേ എന്ന ചോദ്യത്തിനു ഞാൻ ഒരു ചെറിയ ഉദാഹരണംകൊണ്ടു മറുപടി പറയാമെന്നു വിചാരിക്കുന്നു. നായർസമുദായത്തിലെ ഏറ്റവും സമർത്ഥനായ ഒരു വ്യക്തി വാണിജ്യത്തിൽ ഏർപ്പെടുന്നു എന്നിരിക്കട്ടെ. അനേകതലമുറകളായി വാണിജ്യം തൊഴിലായി സ്വീകരിച്ചിട്ടുള്ള വണിക്സമുദായത്തിൽപ്പെട്ട ഒരു വ്യക്തിയോടൊപ്പം ഈ നായർക്ക് ആ തൊഴിലിൽ ശോഭിക്കുവാൻ സാധിക്കയില്ലെന്ന് അനുഭവം തെളിയിക്കുന്ന ഒരു പരമാർത്ഥം മാത്രമാണ്. പാരമ്പര്യമായി സർക്കാർ ഉദ്യോഗംതന്നെ പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരു സമുദായത്തിലെ വ്യക്തിയോടൊപ്പം കായ്ക്ഷമമായി പ്രവർത്തിക്കുവാൻ മറ്റു സമുദായങ്ങളിലെ വ്യക്തികൾക്കും സാധിക്കുകയില്ലെന്നു എന്റെ സ്നേഹിതൻ മി. ചാഴിക്കാട്ടു ജോസഫ് ഓർമ്മിക്കേണ്ടതാണ്.

MR. CHAZHIKATTU JOSEPH : ഏതെല്ലാം സമുദായങ്ങളാണ് സർക്കാർ ഉദ്യോഗം പാരമ്പര്യമായി സ്വീകരിച്ചുവന്നതെന്നു പറയാമോ?

MR. V. K. VELAPPAN NAIR : തീർച്ചയായിട്ടും തിരുവിതാംകൂറിൽ നായർ സമുദായവും ബ്രാഹ്മണസമുദായവും വെള്ളാള സമുദായവും വളരെക്കാലമായി സർക്കാർസർവീസ് പ്രധാന ഉപജീവനമാർഗ്ഗമായി കരുതിക്കൊണ്ടിരിക്കുന്നവരാണ്.

ഈ നിലയിൽ കായ്ക്ഷമതയെപ്പറ്റി പരിഗണിക്കുമ്പോൾ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളുടെ കായ്ക്രമം ചിന്തിക്കേണ്ടിയിരിക്കുന്നു. സർവീസ്സ് കമ്മീഷണർ പരസ്യം ചെയ്തിരിക്കുന്ന പട്ടിക നോക്കുകയാണെങ്കിൽ, നായർസമുദായത്തെ സംബന്ധിച്ചിടത്തോളം അവർ അർഹിക്കുന്നതിൽ കവിഞ്ഞ തോതിലുള്ള നിയമനം കിട്ടിയിട്ടില്ലെന്നു കാണാം. കായ്ക്ഷമതാവാദത്തിന്റെ പിന്നിൽ സ്വാർത്ഥചിന്തയുണ്ടെന്നു ചിലർക്കു സംശയമുണ്ട്. അവരോട് എനിക്കു പറയുവാനുള്ളതു നമ്മുടെ മുമ്പാകെ ഇരിക്കുന്ന നിയമനപട്ടിക പരിശോധിച്ചാൽ നിലവിലിരിക്കുന്ന വ്യവസ്ഥപ്രകാരം കായ്ക്ഷമതാവാദത്തിന്റെ ഗുണഭോക്താക്കൾ ഞാനുൾപ്പെട്ട നായർസമുദായമല്ലെന്നു വ്യക്തമാകുമെന്നാണ്.

MR. K. R. NARAYANAN : ഹയർഡിവിഷനിലുള്ള ഉദ്യോഗത്തിനു വേണ്ടി, കായ്ക്ഷമതയെ ലാക്കാക്കി സിലക്ഷൻവച്ചു അതിൽ ജയിച്ചാൽ ഈ കുറവു പരിഹരിച്ചുകൂടേ?

MR. V. K. VELAPPAN NAIR : ഹയർ സർവീസിൽ കായ്ക്ഷമത തുടർന്നുകൊണ്ടുപോകുന്നതിനു ഒരു സിലക്ഷൻ വയ്ക്കുന്നതു, നിലവിലിരിക്കുന്ന വ്യവസ്ഥയെ ഭേദപ്പെടുത്തുന്ന ഒരു പ്രശ്നമാണ്. അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

വരുന്നപക്ഷം പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്ക് തരക്കുറവുകൊണ്ടു വലിയ ഗുണമൊന്നും ഉണ്ടാകയില്ല. ഇപ്പോൾ സമുദായപരിഗണനയിലാണ് ജൂഡിഷ്യൽ സർവീസിലുള്ള ഉയർന്ന നിയമനങ്ങൾ നടക്കുന്നത്.

MR. V. I. IDICULA : നായന്മാരല്ലാത്തവർ, തിരുവിതാംകൂറിൽ ഉയർന്ന ഉദ്യോഗം വഹിച്ചുവന്നിട്ടുള്ളതായി അറിയാമോ?

Mr. V. K. VELAPPAN NAIR : അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെയും എനിക്കറിയാം. പക്ഷേ, തിരുവിതാംകൂറിലെ നായന്മാരുടെ സർക്കാർ സേവനം ചരിത്രപ്രധാന്യമുള്ളതാണ്. രാജ്യത്തിനോടും രാജാവിനോടും അവർക്കുള്ള നിഷ്കളങ്കമായ സ്നേഹബഹുമാനമാണ് അവരെ, രാജ്യസേവനത്തിനു വഴിതെളിച്ചുത്. അനേകശതവർഷങ്ങളായി, തലമുറകളായി കൃത്യനിഷ്ഠയോടും തൻറേടത്തോടുംകൂടി, നിസ്വാർത്ഥസേവനം അനുഷ്ഠിക്കാൻ തക്കവണ്ണമുള്ള ത്യാഗബുദ്ധിയുടെ ഫലമായി അവരുടെ സർവ്വീസ് ഒരു അടിയുറച്ച പാരമ്പര്യമായി തീർന്നിട്ടുണ്ടെങ്കിൽ, അതു് അവരുടെ അളവറ്റ രാജഭക്തിയും, രാജ്യസ്നേഹവും കൊണ്ടല്ലാതെ മറെറാന്നുകൊണ്ടുമല്ലെന്നുള്ള പരമാർത്ഥം ആക്ഷേപരസികന്മാരും ഇല്ലെങ്കിലും പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ഒരു മനഃസ്ഥിതി ഇതരസമുദായങ്ങൾക്കു ഉണ്ടായിട്ടില്ലെങ്കിൽ, അതു നായന്മാരുടെ കുറവുമല്ല.

ഇന്നു നിലവിലിരിക്കുന്ന സർക്കാർ സർവ്വീസുചട്ടങ്ങളിൽ വിവിധതാല്പര്യങ്ങളെപ്പറ്റി കൂടുതൽ പരിചിന്തിക്കുന്നതിനു ഒരു സൗഹാർദ്ദസമ്മേളനം മുഖേന സാധിക്കാൻ സൗകര്യമുണ്ടായിരിക്കേ പ്രൊട്ടസ്റ്റനവേ ഇതിൽ ഒരു ഭേദഗതി വരുത്തണമെന്നുള്ള അഭിപ്രായത്തിൽ എനിക്കു യോജിപ്പില്ല. പ്രസിഡൻറ് അവർകൾതന്നെ ഇന്നു കാലത്തു പറയുകയുണ്ടായി, വിവിധ താല്പര്യങ്ങളെപ്പറ്റി ചർച്ചചെയ്തു ഒരു തീരുമാനമുണ്ടാക്കുന്നതുവരെ ഈ റൂളിനെ ഭേദപ്പെടുത്താൻ നിവൃത്തിയില്ലെന്ന്. ഉദ്യോഗവിതരണത്തെപ്പറ്റി ഈ വിധത്തിലുള്ള ഒരു തീരുമാനം ഉണ്ടാക്കേണ്ടതു നമ്മളിൽ ഓരോരുത്തരുടേയും കർത്തവ്യംകൂടിയാണ്. കായ്ക്ഷമതയെ മാത്രം അടിസ്ഥാനപ്പെടുത്തി ഉദ്യോഗം കൊടുക്കാൻ തുടങ്ങിയാൽ തിരുവിതാംകൂറിലെ എല്ലാസമുദായങ്ങൾക്കും ഒരുപോലെ അവർ അർഹിക്കുന്ന അവകാശം കിട്ടുകയില്ല.

എനിക്കു കൂടുതലായി പറയുവാനുള്ളതു്, തിരുവിതാംകൂറിൽ ഒരു സർവീസുകമ്മീഷണർ ഉദ്യോഗം വേണ്ടോ, അതോ വേണ്ടയോ, വേണമെങ്കിൽ കമ്മീഷണർ നാട്ടുകാരനായിരിക്കണമോ, അതോ യൂറോപ്യനായിരിക്കണമോ എന്നുള്ള പ്രശ്നത്തെ സംബന്ധിച്ചു് ആണ്. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറന്മാർ തങ്ങളുടെ അഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

Mr. V. K. Velappan Nair

രേഖപ്പെടുത്തുകയുണ്ടായി. എന്റെ അഭിപ്രായത്തിൽ, വിവിധസമുദായങ്ങളും ഉൾക്കൊള്ളുന്ന തിരുവിതാംകൂറിൽ സർക്കാർസേവനം എന്നുള്ളതു് അതിപ്രധാനമായ ഒരു ജീവിതോദ്ദേശമാണു്. ഈ സർക്കാർ സർവ്വീസ്, ജനങ്ങളുടെയിടയിൽ വർഗ്ഗീയചിന്തയും, തന്മൂലം ഭിന്നിപ്പും ഉണ്ടാക്കാതിരിക്കണമെങ്കിൽ, കമ്മീഷണർ ഉദ്യോഗം നിറുത്തൽചെയ്തശേഷം, ഒരു സ്റ്റാഫ് സെലക്ഷൻബോർഡ് രൂപവൽക്കരിക്കയും, തിരുവിതാംകൂർ സർവ്വീസിലുള്ള ഏതെങ്കിലും സമുദായത്തിൽപ്പെട്ട യോഗ്യനായ ഒരു വ്യക്തിയെ ഈ സ്റ്റാഫിന്റെ മേൽനോട്ടം വഹിക്കാൻ ഒരു സെക്രട്ടറിയായി നിയമിക്കയും ചെയ്യേണ്ടതാണു്. ഈ പോളിസി തന്നെയാണു് കൊച്ചിരാജ്യത്തു നടന്നുവരുന്നതു്.

ഈ രാജ്യത്തു ഇന്നു കാണുന്ന പ്രസമാധാനങ്ങൾക്കും പ്രക്ഷോഭണങ്ങൾക്കും സമുദായങ്ങൾ തമ്മിലുള്ള പരസ്പര വിദ്വേഷത്തിനും നിദാനമായിത്തീർന്നിരിക്കുന്നതു ഇവിടെ കുറച്ചുമാത്രം വരുന്ന സർക്കാരുദ്യോഗങ്ങൾക്കും അതിലും കുറച്ചുള്ള നിയമസഭാസ്ഥാനങ്ങൾക്കും വേണ്ടിയുള്ളതായിരിക്കെ ഈ രണ്ടു പ്രശ്നങ്ങൾക്കും കഴിയുന്നതു വേഗത്തിൽ പരിഹാരം നേടി രാജ്യക്ഷേമം പുലർത്തുവാൻ ഞാനും അഭ്യർഥിക്കുന്നു.

എന്റെ ഈ രണ്ടു നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ സത്വരശ്രദ്ധയിൽ പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

[At this stage (4-53 P. M.) the Dewan-President resumed the chair.]

MR. J. E. A. PEREIRA: At the outset we are thankful to the President for having given us an opportunity of giving our opinion on this important matter. This question has been a thorny one *viz.*, the matter of giving equal opportunities for all the sections of His Highness' subjects to be employed in the Government Services. I recall the time, some 8 years ago, when I entered the Legislature—what strong debates we had over the communal representations in the services which at times heightened to personal bickerings. It was at that time under your able guidance and active sympathy and supervision a scheme was evolved in which a finely calculated communal rotation in the service was arrived at and a commissioner was appointed to administrate. I say advisedly that it was due to your active supervision because I believe but for your active supervision the committee would not have succeeded in arriving at such a satisfactory communal rotation.

Sir, these rules have been in force for a brief period of 4 years only and a review of the working has been placed before us as well as a memorandum by the Public Service Commissioner. Now so many questions are arising in this matter. The first one is whether to retain the Public Service Commissioner or not. Secondly whether there should be any change in the system of recruitment. Thirdly whether the Advisory Committee should be retained or not. My answer is that we should have no innovation at all for the present as I shall presently

LIBRARY ARCHIVES Kerala Legislative Assembly

I submit that in such an important matter the period of 4 years is all too brief for a test as Mr. Ure in his introductory remarks has rightly pointed out that he cannot be expected to pass a verdict on the results. But to the extent he has discharged his duties in the most scrupulous manner, the House is in duty bound to thank Mr. Ure and say to the officer "Sir, you have done your job very well." Though there cannot be any harm in making a review of this important matter it is too premature to make a review of the rules. The first question that arises is whether there should be any change at all. If, as I read the situation correctly, the working of these rules for 4 years—the rules which have been arrived at after great calculation—has given satisfaction as seen by the quietus the communal question has received recently. As I read it in the lowest group there is great satisfaction. If at all, there may be slight preponderance of the minority communities. But I say there is no harm in it, because it has to be remembered that, in the past, one or other community had engrossed all places in the Services.

In the intermediate Division there is ample room for improvement as pointed out by Mr. Sankaranarayanan Tampi. But then I am not for a change for the simple reason that if we reopen one section we are bound to look other matters as well.

As regards the question of doing away with the Advisory Committee and establishing a Selection Board, here too, I am not for any change because we have had a quietus in the matter of communal representation and I stoutly maintain the working of 4 years period on such an important matter is all too brief to make a revision of these rules.

I plead for the retention of the existing committee not because the committee is doing wonders, but that I believe the mere fact of its existence will have a salutory effect on the staff administering the rules.

The question of efficiency has been raised by several members, and it has been very strongly pleaded by my friend Mr. Janardanan Pillai that efficiency should be the sole criterion for recruitment. I beg to differ from him. No body can gainsay the fact that efficiency should be the main consideration. But my query is whether human values can be sacrificed at the altar of efficiency *viz.*, that bare act, justice of giving equal opportunities to all the communities. I stoutly maintain that any machinery, any organisation, any device that ignores human values should fumble down. We have the classical example of Hitler and German culture. We try to prop up by any rigid measures. We note how they collapsed like a pack of cards and were razed to the ground.

PRESIDENT: Hitler tried to do a little more than the Public Service Commission (*Laughter*).

MR. J. E. A. PEREIRA: There he was showing the Germans were a superior race. That was indeed an advanced form. I stoutly maintain that we can never forget human values. We have listened to

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. E. A. Pereira.]

the passionate plea of Mr. Yesudian that his community is longing for the day when it will have the first judge, the first Munsiff etc. Unless we bring them now there will be no one from that community for half a century even though some members of the community may become qualified.

I plead that we should have a commissioner and I agree with Mr. Nataraja Pillai when he says, it is better to have a non-Travancorean as a commissioner. This does not mean that we cannot find a Travancorean qualified for the post but any Travancorean however conscious he would hold the scale even, his actions will be looked through coloured glasses by different communities and they would always see red green or yellow according to their own mentality. Therefore I plead for a non-Travancorean Public Service Commissioner. I maintain that we need not make any innovations at all on such important matters. Let this system remain for a longer period and stand the test of time. With these words I close.

MR. P. K. KUMARAN (*Nominated*): സർ, പബ്ളിക്ക് സർവീസ് കമ്മിഷണർ അവർകൾ അവതരിപ്പിച്ചിരിക്കുന്ന റിപ്പോർട്ടിനെ സംബന്ധിച്ചും നിലവിലിരിക്കുന്ന പബ്ളിക്ക് സർവീസ് ചട്ടങ്ങളെസംബന്ധിച്ചും ഇവിടെ പലവിധത്തിലുള്ള വാദകോലാഹലങ്ങൾ നടക്കുന്ന ഒരവസരമാണിതു്. ഇതേവരെ പബ്ളിക്ക് സർവീസ് കമ്മിഷണർ അവർകൾ സമുദായ പ്രാതിനിധ്യ തത്വം അനുസരിച്ചു നിയമനങ്ങൾ ശരിയായ വിധത്തിൽനടത്തിയിട്ടുണ്ടു് എന്നുള്ള സംഗതിയിൽ അദ്ദേഹത്തോടും ഡിപ്പാർട്ടുമെൻറിനോടും എനിക്കുള്ള അളവറ്റ കൃതജ്ഞത ലേഖപ്പെടുത്തിക്കൊള്ളുന്നു. പബ്ളിക്ക് സർവീസ് ചട്ടങ്ങളിൽ നിലവിലിരിക്കുന്ന ചട്ടങ്ങളിൽ ചിലതു് എല്ലാം എടുത്തുകളയണം എന്നു ഇവിടെ പറഞ്ഞതിനെ സംബന്ധിച്ചു് എനിക്കു് പറയുവാനുള്ളതു്, ഒരു അഭിപ്രായമാത്രമാണു്.

PRESIDENT : I do not want to curtail any speech but request the honourable member to finish soon and we have to hear the Public Service Commissioner and probably other honourable members.

MR. P. K. KUMARAN : ഇന്നു വിദ്യാഭ്യാസത്തിലും മറ്റു പല കാര്യങ്ങളിലും മുറവും പിന്നോക്കം നിൽക്കുന്ന സമുദായക്കാരിൽ ചിലരുടെകൈക്കും ഉദ്യോഗം സിദ്ധിച്ചുവരുന്നുണ്ടു്. അവശസമുദായക്കാർക്കു മറ്റുസമുദായക്കാരോടൊപ്പം സർക്കാർ സർവീസിലും മറ്റു സ്ഥാനങ്ങളും ഉണ്ടാകുന്നതുവരെ, ഞങ്ങൾക്കു അനുഗ്രഹമായിരിക്കുന്ന ഇപ്പോഴത്തെ നിയമം ഇതേ നിലയിൽ ഉർന്നു കൊണ്ടുപോകണമെന്നാണു് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി പബ്ളിക്ക് സർവീസ് കമ്മിഷണർ ഉദ്യോഗം തുടരണമോ വേണ്ടയൊ എന്നുള്ള പ്രശ്നമാണ്. പബ്ളിക്ക് സർവീസ് കമ്മിഷണർഉദ്യോഗം തുടർന്നുകൊണ്ടുപോയി അദ്ദേഹത്തിന്റെ ശുപാർശ അനുസരിച്ചോ, ഒരു സ്റ്റാഫ് സെലക്ഷൻ ബോർഡ് സൃഷ്ടിച്ച് ആ ബോർഡിന്റെ ശുപാർശയനുസരിച്ചോ, അല്ലെങ്കിൽ അഡൈ്വസറി ബോരഡിന്റെ ശുപാർശയനുസരിച്ചോ നിയമനങ്ങൾ നടത്തുന്നതിൽ എനിക്ക വിരോധമില്ല. പക്ഷെ അവശസമുദായത്തിൽ പെട്ടവർക്ക ഉദ്യോഗങ്ങൾ കൂടുതൽ ലഭിക്കുത്തക്കവിധത്തിലുള്ള ഒരു പ്രതി ഗവണ്മെന്റ കൈക്കൊള്ളണമെന്നാണ് എന്റെ അഭിപ്രായം.

MR. S. N. URE (*Public Service Commissioner*): I should like first of all to thank this House most sincerly for all the appreciative remarks that were made on the recommendations and also on my work as Public Service Commissioner. I only feel that I have done my best to do the job to the best of my ability. And it is a great satisfaction to know that my efforts have been appreciated.

Another thing I should like to thank this House for is the fact that various members of this House have already answered most of the comments made on these recommendations of mine, so that I needed not answer them myself. I have come to the firm conclusion that cannot make speeches and I feel that it is far better if I do not. But I would like just to cover one or two criticisms and also one or two suggestions. Mr. Velayudhan Pillai, I think, suggested that there might be a test for the lower division. This was a suggestion made by the Advisory Committee in 1942 and one which Government approved. But the war conditions intervened and travel became so difficult that we decided to drop it for the time being. But I still think it would be a good thing to have some sort of eliminating test for the lower grade jobs.

With regard to the reckoning of grant school service for purpose of seniority that, of course, is a thing to be decided by the Education Department. It is not for the Public Service Commissioner to lay down the qualifications. I suppose the grant schools too would have to be consulted. But if the House considers that it would be a good thing for grant school service to be recognised in the rules of the Public Service Commissioner, that matter can be considered.

Then it was suggested by Sry. T. Narayani Amma that the posts of telephone operators should be reserved for women. It that is brought up for consideration, I can only say that in the interviews that I have conducted with the Telephone Engineer we have noticed that the women of all communities compare most favourably with men. They seem to speak more clearly and they seem to be better fitted than men for the particular job.

There are only two other things I want to talk about. My suggestions were made of course with a view to being discussed ; they were not definite recommendations meant to be put through immediately.

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. N. Ure.]

The first point is about the 40 per cent. reservation. I do not think I was making a reactionary suggestion. I was making this suggestion to help the backward communities. Now you have got the 40 per cent. reservation. I was able to make use of this principle of reservation only on 4 occasions during four years. Therefore the reservation cannot do any appreciable good to the backward communities. So some other scheme should be devised. If you have any selection for which there are minimum qualifications, the selection must depend upon whether you have candidates coming forward from the backward communities. In the majority of technical jobs there are no candidates. But if you have this 40 per cent. reservation, it is just possible that you may benefit only one of the backward communities. I will just tell you what we do in these cases. The Commissioner first of all ranks all applications in the order of merit. He then takes the first 60 per cent. in the order of merit irrespective of communities. Then he takes out of all the other applications from the represented communities. The remaining 40% is given to the unrepresented communities in order of merit and it may happen that each time the 40 per cent. charges goes to the same unrepresented community.

MR. P. S. MOHAMMED: Suppose there is no hand available for the 4th place, will it inconvenience the Public Service Commissioner to give this to the over represented community.

MR. S. N. URE: If there is no one from the unrepresented community you will have to choose from the over represented communities. Therefore I suggest that you think of some other method of securing equality of representation. I was suggesting this to help the harmony between the communities.

Now about the communal rotation in the intermediate division. I am afraid communal rotation is practicable only when you have a large number of appointments. During the past four years there have been only 123 appointments in the intermediate division. You can keep a communal rotation only in the same class of appointments. You cannot bring two kinds of appointments carrying say Rs. 75 a month and Rs. 100 a month in the same category. Therefore calculating on this basis suggested for securing communal representation you will see that in many cases it will take 240 years to give complete representation to all the communities. Therefore I was suggesting this 40 per cent. representation cannot give equal representation to the backward communities.

About the question of having a Public Service Commissioner or not I do not think I have anything to say.

PRESIDENT: Order, order. I do not think there is much time for any other speakers on behalf of Government, but as this debate is now concluding, there are just one or two outstanding matters which I would like to clarify, so that I may be acquainted with the feeling of the House on the matter. The first point that arises for decision is whether this House is in favour of an independent Public Service

LIBRARY ARCHIVES Kerala Legislative Assembly

Commissioner functioning as hitherto. Those in favour of such a Public Service Commissioner functoning, apart from the Secretariat, will kindly signify their assent in the usual manner.

The house assented to the continuance of the Public Service Commissioner functioning independly.

PRESIDENT : The next point is whether the Public Service Commissioner should have an Advisory Committee or Staff Selection Board, however it may be called and whether the functions of the body should be in the way of giving advice or whether they should act in an executive capacity, that is, making the selections themselves. Those in favour of the Advisory Board functioning in an advisory charactor will kindly signify their assent.

The House signified its assent.

PRESIDENT: The House will rise and the Session is prorogued. The formal notification regarding the next session will be published in due course.

The House adjourned *sine die*.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly